LIBRARY ARCHIVES Kerala Legislative Assembly

അനധികൃത മണ്ണെടുക്കലും നിലം നികത്തലും തടയൽ

167 (1210) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനധികൃത മണ്ണെടുക്കലും നിലം നികത്തലും തടയാൻ അധികാരപ്പെടുത്തിയിട്ടുള്ളത് ആരെയാണ്;

(ബി) 2014 നവംബർ മാസത്തിൽ പുറപ്പെടുവിച്ച ഉത്തരവിൻ പ്രകാരം അനധികൃത മണ്ണെടുപ്പ് തടയാൻ വില്ലേജാഫീസർക്കും പോലീസിനും കഴിയുന്നില്ലായെന്ന തരത്തിലുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സാധാരണക്കാരന് ഭവന നിർമ്മാണത്തിന് ഉപകരിക്കുന്ന വിധത്തിലും എന്നാൽ അനധികൃത കുന്നിടിക്കലും വയൽ നികത്തലും തടയുന്ന വിധത്തിലും പ്രസ്തുത ഉത്തരവ് പരിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

തോടുകളും ചാലുകളും പുനഃസ്ഥാപിക്കാൻ നടപടി

168 (1211) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുള വിമാനത്താവളത്തിന്റെ പേരിൽ അനധികൃതമായി മണ്ണിട്ട് മൂടിയ തോടുകളും ചാലുകളും പുനഃസ്ഥാപിക്കണമെന്ന് ഹൈക്കോടതി വിധി ഉണ്ടായിട്ടുണ്ടോ; വിധി പ്രസ്താവത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) വിധി നടപ്പിലാക്കിയിട്ടുണ്ടോ ; എത്ര ദിവസത്തിനകം തോടുകൾ പുനഃസ്ഥാപിക്കാനായിരുന്നു കോടതി നിർദ്ദേശം നല്കിയിരുന്നത്;

(സി) കോടതിവിധി അട്ടിമറിക്കുന്നതിനായി സർക്കാർ നിയമവിരുദ്ധ തീരുമാനങ്ങൾ എടുത്തതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പാരിസ്ഥിതിക അനുമതി റദ്ദാക്കിയതിനുശേഷവും കോടതി വിധി അവഗണിച്ച് കെ.ജി.എസ്. ഗ്രൂപ്പിനെ സഹായിക്കുന്ന സർക്കാർ നടപടി തിരുത്താൻ തയ്യാറാകുമോ ?